LIBRARY ARCHIVES Kerala Legislative Assembly

കായിക താരങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

317 (2192) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ-സംസ്ഥാന തലങ്ങളിൽ കായിക രംഗങ്ങളിൽ മികവ് പുലർത്തുന്ന പല കായിക താരങ്ങളും ഉപജീവന മാർഗ്ഗത്തിന് ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) കായിക താരങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര കായിക താരങ്ങൾക്ക് ജോലി നൽകിയിട്ടുണ്ട് ;

(ഡി) പ്രസ്തുത നിയമനങ്ങളിൽ കായിക താരങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കായികതാരങ്ങളുടെ നേട്ടത്തിനും വിദ്യാഭ്യാസ യോഗ്യതയ്ക്കും ആനുപാതികമായി ഇപ്പോൾ 50 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ വിവിധ തസ്തികകളിൽ ഓരോ സാമ്പത്തിക വർഷവും ജോലി നൽകുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ സോഫ്റ്റ്ബോൾ കായികതാരമായ ശ്രീ. അരുൺ. ടി. എസ്, ഫുട്ബോൾ കായികതാരമായ ശ്രീമതി പ്രീത ജെറാൾഡ് എന്നിവർക്ക് പ്രത്യേക സർക്കാർ ഉത്തരവ് പ്രകാരം ക്ലാർക്ക് തസ്തികയിൽ ജോലി നൽകിയിട്ടുണ്ട്. കൂടാതെ ഒളിമ്പ്യൻ ശ്രീ. പി. ആർ. ശ്രീജേഷിന് വിദ്യാഭ്യാസ വകുപ്പിലും അന്ധക്രിക്കറ്റർ ശ്രീ. മനീഷിന് റവന്യൂ വകുപ്പിലും ജോലി നൽകിയിട്ടുണ്ട്.

(സി & ഡി) വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പോർട്സ് ക്വാട്ടയിൽ നടത്തിയ നിയമനം സംബന്ധിച്ച് വിവരം ശേഖരിച്ച വരുന്നു.

സൈൽ പദ്ധതി

318 (2193) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക യുവജനകാര്യാലയത്തിന്റെ സൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14-ൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട് ;